**കേരള പബ്ലിക് സർവീസ് കമ്മീഷൻ**

*കൂട്ടിച്ചേർക്കൽ വിജ്ഞാപനം*

നമ്പർ: DR2-2/6/2021-KPSC *തിരുവനന്തപുരം, 2022 ഒക്ടോബർ 01*

16.08.2022 തീയതിയിലെ ഗസറ്റ് വിജ്ഞാപനപ്രകാരം കാറ്റഗറി നമ്പർ 346/2022, 347/2022 ആയി വിജ്ഞാപനം ചെയ്ത കോഴിക്കോട് ജില്ലയിലെ പൊതുമരാമത്ത് (ഇലക്ട്രിക്കൽ വിഭാഗം) വകുപ്പിലെ ലൈൻമാൻ തസ്തികയുടെ വിജ്ഞാപനത്തിന്റെ മലയാളം പതിപ്പിൽ ഖണ്ഡിക 4-ലെ ഒഴിവുകൾക്ക് ചുവടെയുള്ള കുറിപ്പുകളിൽ കുറിപ്പ് (iii)-ന്റെ ശേഷം കുറിപ്പ് (v)-ന്റെ മുമ്പായി താഴെപ്പറയുന്ന കുറിപ്പ് ചേർത്തുകൊണ്ട് ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു:

**കുറിപ്പ് (iv) - ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 04/61/പി.ഡി-യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.**

പ്രസ്തുത വിജ്ഞാപനത്തിൽ മേല്പറഞ്ഞ രീതിയിൽ ഭേദഗതി വരുത്തിയിരിക്കുന്നു.

(ബഹു. കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)

**സാജു ജോർജ്ജ്**

സെക്രട്ടറി

*കേരള പബ്ലിക് സർവീസ് കമ്മിഷൻ*